**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4206** **28-10-2021 - ൽ മറുപടിയ്ക്ക്**

**മാവൂർ ഗ്വാളിയർ റയൺസിന്റെ ഭൂമി തിരിച്ചെടുക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മാവൂർ ഗ്വാളിയർ റയൺസിന് സർക്കാർ സൗജന്യമായി നൽകിയ 5.94 ഏക്കർ ഭൂമി തിരിച്ചെടുക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടോ; | (എ) | ഇത് സംബന്ധിച്ച കേസ് നിലവിൽ ബഹു.ഹൈക്കോടതിയുടെ പരിഗണനയിലാണ്. |
| (ബി) | അക്വയർ ചെയ്ത് നൽകിയ 240.39 ഏക്കർ ഭൂമിയിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ തടസ്സമായി നിൽക്കുന്ന വിഷയങ്ങൾ പരിഹരിക്കാൻ ഈ സർക്കാർ മാനേജ്മെന്റുമായി ചർച്ച നടത്തിയിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | കമ്പനി സ്വന്തമായി വാങ്ങിയ എൺപത് ഏക്കർ സ്ഥലം ഭൂപരിഷ്കരണ നിയമ പ്രകാരം ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിന് സർക്കാരിന് ഉദ്ദേശമുണ്ടോ; | (സി) | നിലവിൽ പരിഗണനയിലില്ല. |
| (ഡി) | നിലവിൽ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതി മുമ്പാകെയുള്ള കേസ് തീർപ്പാക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ; | (ഡി) | കേസ് വേഗത്തിൽ തീർപ്പാക്കുന്നതിന് ശ്രമിക്കുന്നുണ്ട്. |
| (ഇ) | വ്യവസായ ആവശ്യത്തിന് സർക്കാർ ഏറ്റെടുത്ത് നൽകിയിരുന്ന ഭൂമി ഇൻഡസ്ട്രിയൽ പാർക്കായി വികസിപ്പിക്കുന്നതിന് ആയത് ഗ്രാസിമിൽ നിന്ന് തിരിച്ചെടുക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി 10.10.2017-ലെ സ.ഉ.(എം.എസ്) നം. 97/2017/ വ്യവ. നമ്പർ ഉത്തരവിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഇ) | 10.10.2017 തീയതിയിലെ സർക്കാർ ഉത്തരവ് നം. (എം.എസ്)97/2017 ഐ.ഡി പ്രകാരം മാവൂർ ഗ്വാളിയോർ റയോൺസിന്റെ കൈവശത്തിലുള്ള ഭൂമി തിരികെ ഏറ്റെടുക്കുന്നതിനും, ഇൻഡസ്ട്രിയൽ പാർക്ക് തുടങ്ങുന്നതിന് കിൻഫ്രയ്ക്ക് അനുവദിക്കുന്നതിനുമാണ് ഉത്തരവായിരുന്നത്. എന്നാൽ ടി സർക്കാർ ഉത്തരവി നെതിരെ മാവൂർ ഗ്വാളിയോർ റയോൺസ് കമ്പനി ബഹു.ഹൈകോടതി മുമ്പാകെ WP(C).33103/2017 ആയി റിട്ട് ഹർജി ബോധിപ്പിക്കുകയും, സ.ഉ.(എം.എസ്)97/2017/വ്യവ. നമ്പർ സർക്കാർ ഉത്തരവിൻമേൽ ബഹു.ഹൈക്കോടതി സ്റ്റേ ഓർഡർ പുറപ്പെടുവിച്ചതിനാൽ ഭൂമി തിരികെ ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല. നിലവിൽ കേസ് ബഹു.ഹൈക്കോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ